# KANNUR DISTRICT PANCHAYATH
## SSLC MODEL EXAMINATION-2015
## MUKULAM

സ്കോർ : 80

### സാമൂഹ്യശാസ്ത്രം

സമയം : 2½ hrs.

നിർദ്ദേശങ്ങൾ:

* എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
* ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതണം.
* സ്കോർ അതാത് ചോദ്യത്തിനുനേരെ നൽകിയിരിക്കുന്നു.
* 10 മിനുട്ട് സമാശ്വാസ സമയമായി കണക്കാക്കി ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

---

1. 15ഉം 16ഉം നൂറ്റാണ്ടുകളിലെ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളുടെ ഏതെങ്കിലും രണ്ട് ഫലങ്ങൾ എഴുതുക. 2
2. കാറ്റ് രൂപംകൊള്ളുന്നതെങ്ങനെ? കാറ്റിന്റെ വേഗതയേയും ദിശയേയും സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തൊക്കെ? 4
3. ജർമ്മനിയുമായി ഒപ്പുവെച്ച വേഴ്സായി സന്ധി അപമാനകരമായ ഒരു സന്ധിയായിരുന്നു വിശദമാക്കുക. 2
4. വിദൂര സംവേദന സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടവയാണ് ചുവടെ നൽകിയിട്ടുള്ളത്. ഇവ ഓരോന്നും വ്യക്തമാക്കുക. 3

   a) പ്ലാറ്റ് ഫോം

   b) സ്പെക്ട്രൽ സിഗ്നേച്ചർ

   c) സ്പേഷ്യൽ റെസല്യൂഷൻ
5. ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമാണ്. എന്തുകൊണ്ട്? 3
6. ഏഷ്യ ഭൂഖണ്ഡത്തിലെ ഏതെങ്കിലും നാലു കാലാവസ്ഥാ മേഖലകളേയും അവയുടെ കാലാവസ്ഥാ സവിശേഷതകളേയും കുറിച്ച് കുറിപ്പ് തയ്യാറാക്കുക. 4
7. പ്രത്യക്ഷ ജനാധിപത്യത്തിൽ നിന്നും പരോക്ഷ ജനാധിപത്യത്തിലേക്കുള്ള മാറ്റത്തിനു കാരണമായ വസ്തുതകൾ വിശദമാക്കുക. 4
8. ഇന്ത്യയിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക. 6

   Or

   ഇന്ത്യയിലെ ഭൂപ്രകൃതി റോഡ് - റെയിൽ, ഗതാഗത വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു. വിവിധ തരം റോഡു-റെയിൽ മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിക്കുക.
9. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന 2 അന്തർദേശീയ സംഘടനകളുടെ പേരെഴുതുക. 2
10. എന്താണ് അമ്ലവൽക്കരണം? സമുദ്രത്തിൽ അമ്ലവൽക്കരണം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിശദമാക്കുക. 3
11. ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനിടയാക്കിയ സാഹചര്യങ്ങൾ പരിശോധിക്കുക. 3
12. സുസ്ഥിര വികസനത്തിന് തടസ്സമാകുന്ന രണ്ട് കാരണങ്ങൾ എഴുതുക. 2

(മറുപുറം)

13 ഫ്രഞ്ച് വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിൽ റൂസ്സോ വഹിച്ച പങ്ക് പരിശോധിക്കുക. 3

14. സാമ്പത്തിക വളർച്ച എന്നാലെന്ത്? 1

15. എന്താണ് ദേശീയത? ഇറ്റലിലിലുടെയും ജർമ്മനിയുടെയും ഏകീകരണങ്ങളിൽ അത് വഹിച്ച പങ്ക് വ്യക്തമാക്കുക. 4

16. പ്രാഥമിക മേഖലയിലെ ഏതെങ്കിലും നാലു പ്രധാനപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങൾ എഴുതുക. 2

17. താഴെപറയുന്ന സംഭവങ്ങളെ അവ നടന്ന കാലത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുക. 4

ഹിറ്റലറുടെ പോളണ്ടാക്രമണം

മ്യൂണിക്ക് ഉടമ്പടി

മഞ്ചൂറിയൻ പ്രതിസന്ധി

അബിസിനീയൻ പ്രതിസന്ധി

1.8. മൈക്രോഫിനാൻസിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്? 3

19. സ്വാതന്ത്ര്യ ഇന്ത്യ ശാസ്ത്രരംഗത്തും വിദ്യാഭ്യാസരംഗത്തും നേടിയ പുരോഗതിയെക്കുറിച്ച് വിവരിക്കുക. 6

Or

കേരളത്തിലെ നവോത്ഥാന നായകന്മാർ ജാതിപരമായ അവശതകൾക്കെതിരെ സൈദ്ധാന്തികമായും പ്രായോഗികമായും പോരാടിയിരുന്നു. പ്രസ്താവന പരിശോധിക്കുക.

20. ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ ഏതെങ്കിലും മൂന്ന് ഘടകങ്ങൾ എഴുതുക. 3

21. സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം നടത്തുവാൻ ഐക്യരാഷ്ട്ര സംഘടനയെ പ്രേരിപ്പിച്ച ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക. 2

22. സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയും മുതലാളിത്ത വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം എന്ത്? 2

23. ചില ശാസ്ത്രജ്ഞൻമാരുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു. ഇവരുടെ സിദ്ധാന്തങ്ങളുടെ പേരെഴുതുക.

1. ചാൾസ് ഡാർവിൻ 2. ആൽബർട്ട് ഐൻസ്റ്റീൻ 3. മാക്സ് പ്ലാങ്ക് 3.

24. ചുവടെ ചേർത്തിരിക്കുന്ന ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

കാവേരി, ആരവല്ലി, മുംബൈ തുറമുഖം, മേഘാലയ

25. ലോക സോഷ്യൽ ഫോറത്തിന്റെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ എഴുതുക. 2

26. ഇന്ത്യയിൽ നഗരവൽക്കരണം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുക. 3